8. എൽ.റ്റി., എച്ച്.റ്റി. ലൈനിന്റെ അനുപാതം 1:1 ആക്കുക.
9. പഴയ ലൈനുകൾ മാറ്റി പുതിയവ വലിക്കുക.
10. ലൈനുകളിൽ തട്ടിനിൽക്കുന്ന വൃക്ഷതലപ്പുകളും മറ്റും മുറിച്ച് മാറ്റുക.
11. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
12. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.

പഴകിയ മീറ്ററുകൾ

62 (1214) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹികവും മറ്റുമായ കണക്ഷനുകൾക്ക് വളരെ വർഷങ്ങൾ പഴകിയ മീറ്ററുകളാണ് ഉപയോഗിച്ചു വരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ മാറ്റുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) ഇതുമൂലം ഉപഭോക്താക്കൾ വളരെ പ്രയാസങ്ങൾ അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ കണക്ഷൻ നൽകുവാൻ പുതിയ മീറ്ററുകളോ, തകരാറില്ലാതെ ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന പഴയ മീറ്ററുകളോ ആണ് ഉപയോഗിക്കുന്നത്.

(ബി&സി) നല്ല രീതിയിൽ പ്രവർത്തിക്കാത്ത മീറ്ററുകൾ കഴിയുന്നതും വേഗം മാറ്റി സ്ഥാപിക്കുന്നുണ്ട്. കൂടാതെ, കേടായതും തെറ്റായി പ്രവർത്തിക്കുന്നതുമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്ക് ബോർഡ് രൂപം കൊടുത്തിട്ടുണ്ട്.

വൈദ്യുതി മേഖലയിലെ വിവിധ പദ്ധതികൾ

63 (1215) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി മേഖല നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതെല്ലാം ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രയാളുകൾക്ക് പുതിയ കണക്ഷൻ നൽകി ;

LIBRARY ARCHIVES Kerala Legislative Assembly